## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4017 12.12.2018 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിൽ ലെക്ചറർ ട്രെയിനി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. ടി. എ. റഹീം:** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ പീരിയോഡന്റിക്സ് ഡിപ്പാർട്ട്മെന്റിൽ ലെക്ചർ ആയിരിക്കെ പീരിയോഡന്റിക്സിൽ എം.ഡി.എസ് പ്രവേശനം ലഭിച്ച ഡോ.സക്കീർ ഹുസൈയിൻ ലെക്ചറർ ട്രെയിനി/ഡെപ്യൂട്ടേഷൻ ബെനഫിറ്റ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാറിൽ അപേക്ഷ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) ഡോ.സക്കീർ ഹുസൈയിന് ലെക്ചറർ ട്രെയിനി/ ഡെപ്യൂട്ടേഷൻ ബെനഫിറ്റ് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | 16.08.1999 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ/റഗുലർ നിയമനം നൽകുന്നതിനായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സാമൂഹ്യനീതി വകുപ്പിന്റെ 18.05.2013 ലെ സ.ഉ.(പി)നം.40/2013/സാ.നീതി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലക്ചറർ തസ്തികയിൽ നിയമിക്കപ്പെട്ടയാളാണ് ഡോ.സക്കീർ ഹുസൈയിൻ. ഈ തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് സ്ഥിരം ജീവനക്കാരെ പോലെ സീനിയോരിറ്റി, പ്രൊബേഷൻ സ്ഥാനക്കയറ്റം എന്നിവയ്ക്ക് അർഹതയില്ല കൂടാതെ ലക്ചറർ ട്രെയിനി ആനുകൂല്യം ഡന്റൽ വിഭാഗങ്ങൾക്ക് അനുവദനീയവുമല്ല ഇക്കാരണങ്ങളാലാണ് ഡോ.സക്കീർ ഹുസൈയിന് ലെക്ചറർ ട്രെയിനി/ ഡെപ്യൂട്ടേഷൻ ബെനിഫിറ്റ് അനുവദിച്ചിട്ടില്ലാത്തത് |

| | |
|---|---|
| (സി) ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 367/ബി1/2018/ആ.കു.വ ഫയലിൻമേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് സർക്കാർ റിപ്പോർട്ട് തേടിയിട്ടുണ്ടോ; | സി) ഉണ്ട്. |
| (ഡി) ആയത് ലഭിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br>(ഇ) ഇയാൾക്ക് ലെക്ചറർ ട്രെയിനി/ ഡെപ്യൂട്ടേഷൻ ബെനഫിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) യും (ഇ) യും ഉണ്ട്. പ്രസ്തുത വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടുകയും അതിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ